**പതിനാലാം കേരള നിയമസഭ**

**പത്തൊമ്പതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1889** — **10.03.2020-ൽ മറുപടിയ്ക്ക്**

## അവശ്യമരുന്നുകളുടെ വില നിയന്ത്രണത്തിന് നടപടി

**ചോദ്യം**

**ശ്രീ.പി.ടി.എ. റഹീം**
**,, ബി.ഡി. ദേവസ്സി**
**,, വി.കെ.പ്രശാന്ത്**
**,, ഒ. ആർ. കേളു**

**മറുപടി**

**കെ.കെ.ശൈലജ ടീച്ചർ**
(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ മന്ത്രി)

എ) സംസ്ഥാനത്ത് ഏതെല്ലാം അവശ്യ മരുന്നുകളുടെ വിലയാണ് കേന്ദ്ര ഔഷധ വില നിയന്ത്രണ അതോറിറ്റി നിലവിലുള്ള വിലയേക്കാൾ അമ്പത് ശതമാനത്തോളം വർദ്ധിപ്പിച്ചതെന്ന് അറിയിക്കാമോ;

ബി) ഔഷധ വിപണിയിൽ അവശ്യമരുന്നുകളുടെ വില നിയന്ത്രണത്തിനായി ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

എ) 2019 ഡിസംബർ 13 -ലെ കേന്ദ്ര സർക്കാരിന്റെ ഉത്തരവ് പ്രകാരം 21 (ഇരുപത്തി ഒന്ന്) ഇനം മരുന്നുകളുടെ വില കൂടിയ നിരക്കിൽ പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. മരുന്നുകളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.

ബി) ദേശീയ ഔഷധ വില നിയന്ത്രണ അതോറിറ്റി (National Pharmaceutical Pricing Authority) ആണ് രാജ്യത്ത് മരുന്നുകളുടെ വില നിശ്ചയിച്ചുറപ്പിക്കുന്നത്. ഇക്കാര്യത്തിൽ സംസ്ഥാന സർക്കാരിന് അധികാരപരിധിയില്ല. ദേശീയ ഔഷധ വില നിയന്ത്രണ അതോറിറ്റി നിശ്ചയിച്ചുറപ്പിച്ചിട്ടുള്ള വിലയേക്കാൾ കൂടുതൽ വിലയ്ക്ക് മരുന്നുകൾ വിൽക്കപ്പെടുന്നില്ലെന്നും ജീവൻ രക്ഷാ മരുന്നുകൾ സുലഭമായി ജനങ്ങൾക്ക് ലഭിക്കുന്നുണ്ടെന്നും സംസ്ഥാന ഡ്രഗ്സ് കൺട്രോൾ വകുപ്പ് നിരന്തര പരിശോധനകളിലൂടെ ഉറപ്പ് വരുത്തുന്നുണ്ട്. ഡ്രഗ്സ് ഇൻസ്പെക്ടർമാർ അവരുടെ പതിവ് പരിശോധനകളിലും പരാതികളുടെ അടിസ്ഥാനത്തിൽ നടത്തുന്ന പരിശോധനകളിലും മരുന്ന വില പരിധി ലംഘിക്കുന്നതായി കാണുന്ന മരുന്ന് നിർമ്മാതാക്കളുടെ വിശദാംശങ്ങൾ ദേശീയ ഔഷധ വില നിയന്ത്രണ അതോറിറ്റിയെ അറിയിക്കുന്നുണ്ട്. 2016 - ൽ ഇത്തരത്തിൽ പതിനഞ്ച് (15) മരുന്നുകളുടെ വിശദാംശങ്ങൾ ഡ്രഗ്സ് കൺട്രോൾ വകുപ്പ് അനന്തര നടപടികൾക്കായി ദേശീയ ഔഷധ വില നിയന്ത്രണ അതോറിറ്റിക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇത്തരം നിയമലംഘനങ്ങളിൻമേൽ ദേശീയ ഔഷധ വില നിയന്ത്രണ അതോറിറ്റി നേരിട്ട് നിർമ്മാതാക്കൾക്ക് നോട്ടീസ് നൽകി, മരുന്ന ബാച്ചുകളുടെ വിവരങ്ങൾ ശേഖരിച്ച് അമിതവില ഈടാക്കിയ തുക മുഴുവനും കേന്ദ്ര സർക്കാരിലേക്ക് അടപ്പിക്കുന്നതിനാവശ്യമായ കർശന

നടപടികൾ സ്വീകരിക്കുന്നുണ്ട്. വിലപരിധി നിയന്ത്രണം മറികടന്നുള്ള മരുന്നുവില്പ്പന ശ്രദ്ധയിൽപ്പെടുന്ന പക്ഷം നിയമം ലംഘിക്കുന്നവർക്കെതിരെ അവശ്യവസ്തു നിയമം അനുശാസിക്കുന്ന പ്രകാരം ഡ്രഗ്സ് കൺട്രോൾ വകുപ്പ് നടപടികൾ സ്വീകരിച്ചുവരുന്നു.

**സി)** ഇതിന്റെ ഭാഗമായി സംസ്ഥാന ഔഷധ വില നിയന്ത്രണ റിസോഴ്സ് യൂണിറ്റ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

**സി)** സംസ്ഥാന ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ കീഴിൽ, 'നാഷണൽ ഫാർമസ്യൂട്ടിക്കൽസ് പ്രൈസിംഗ് അതോറിറ്റി' –യുടെ മേൽനോട്ടത്തിൽ രാജ്യത്ത് ആദ്യമായി സംസ്ഥാനത്ത് പ്രവർത്തനം ആരംഭിച്ച 'കേരള സ്റ്റേറ്റ് പ്രൈസ് മോണിറ്ററിംഗ് ആന്റ് റിസോഴ്സ് യൂണിറ്റ്' എന്ന സൊസൈറ്റിയുടെ പ്രാഥമിക ഉത്തരവാദിത്വമെന്നത് വില നിയന്ത്രണ പട്ടികയിലുള്ള മരുന്നുകളുടെ വില നിരീക്ഷിക്കുന്നതും, അമിതലാഭം എടുക്കുന്ന മരുന്നുകളെ വില നിയന്ത്രണ പട്ടികയിൽ ഉൾപ്പെടുത്തുന്നതും, മരുന്നുകളുടെ ലഭ്യത ഉറപ്പാക്കുന്നതുമാണ്. കൂടാതെ കൂടുതൽ മരുന്നുകളെ ദേശീയ അവശ്യ മരുന്ന് പട്ടികയിൽ ഉൾപ്പെടുത്തുന്നതിനും, വില നിയന്ത്രണമില്ലാത്ത ഒരേ മരുന്ന് വ്യത്യസ്ത നിർമ്മാതാക്കൾ പല വിലയിൽ വിപണനം നടത്തുന്നത് 'നാഷണൽ ഫാർമസ്യൂട്ടിക്കൽസ് പ്രൈസിംഗ് അതോറിറ്റി' –യെ അറിയിച്ച് നടപടികൾ സ്വീകരിക്കുവാനും 'കേരള സ്റ്റേറ്റ് പ്രൈസ് മോണിറ്ററിംഗ് ആന്റ് റിസോഴ്സ് യൂണിറ്റ്' വഴി നടപടികൾ സ്വീകരിക്കുന്നുണ്ട്.

**ഡി)** സ്വകാര്യ മരുന്ന് കമ്പനികളുടെ സമ്മർദ്ദങ്ങൾക്ക് വഴങ്ങി കേന്ദ്രസർക്കാർ യാതൊരു നീതീകരണവുമില്ലാതെ അവശ്യമരുന്നുകളുടെ വില വർദ്ധിപ്പിച്ചതിനും ഔഷധവില അമിതമായി ഉയരാതെ പിടിച്ചു നിർത്തുന്നതിൽ നിർണായക പങ്ക് വഹിക്കുന്ന പൊതുമേഖല ഔഷധ കമ്പനികളെ അവഗണിക്കുന്നതിനും എതിരെ സംസ്ഥാനത്ത് എന്തെല്ലാം ഇടപെടലുകളാണ് നടത്താൻ സാധിക്കുന്നതെന്ന് അറിയിക്കാമോ?

**ഡി)** കേന്ദ്ര നിയമമായ ഡ്രഗ്സ് പ്രൈസ് കൺട്രോൾ ഓഡർ, 2013–ന്റെ വ്യവസ്ഥകൾ പ്രകാരമുള്ള അധികാരം ഉപയോഗിച്ചാണ് കേന്ദ്ര സർക്കാർ മരുന്നുകളുടെ വില നിശ്ചയിച്ച് ഉറപ്പിക്കുന്നതും, പുതുക്കി നിശ്ചയിക്കുന്നതും. സംസ്ഥാനത്തെ ഏക പൊതുമേഖല, ഔഷധ നിർമ്മാണ സ്ഥാപനമായ ആലപ്പുഴ ജില്ലയിലെ കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് നിർമ്മിക്കുന്ന മരുന്നുകൾ എല്ലാം തന്നെ പൊതുജനങ്ങൾക്ക് ഉപയോഗപ്രദമാം വിധം സൗജന്യമായി വിതരണം ചെയ്യുവാൻ ഉപയോഗിക്കുന്നുണ്ട്. ആയതിനാൽ, ഈ സ്ഥാപനത്തിന്റെ മരുന്നുകൾ പൊതുവിപണിയിൽ നിലവിൽ എത്തിക്കുന്നില്ല. കേരളത്തിലെ മറ്റു ചെറുകിട നിർമ്മാതാക്കളെ പ്രോത്സാഹിപ്പിക്കുന്ന വിധത്തിൽ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ

ലിമിറ്റഡ് വഴി നിശ്ചിത ശതമാനം മരുന്നുകൾ ഈ കമ്പനികളിൽ നിന്നും ശേഖരിച്ച് വിതരണം ചെയ്യുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**

ശരിപ്പകർപ്പ്

| Sl. No. | Name of the Scheduled Formulation | Dosage form & Strength | Unit | Ceiling Price (Rs.) | Existing S.O. No. & Date | |
|---|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | 6(a) | 6(b) |
| 1. | BCG vaccine | | Each Dose | 8.75 | 1485(E) Sl. No. 95 | 29.03.2019 |
| 2. | Benzathine benzylpenicillin | Powder for Injection 12 lac units | Each Pack | 17.84 | 1485(E) Sl. No. 96 | 29.03.2019 |
| 3. | Benzathine benzylpenicillin | Powder for Injection 6 lac units | Each Pack | 11.81 | 1485(E) Sl. No. 97 | 29.03.2019 |
| 4. | Benzyl penicillin | Powder for Injection 10 Lac Units | Each Pack | 7.64 | 1485(E) Sl. No. 100 | 29.03.2019 |
| 5. | Chloroquine | Tablet 150mg | 1 Tablet | 1.16 | 1485(E) Sl. No. 176 | 29.03.2019 |
| 6. | Dapsone | Tablet 100 mg | 1 Tablet | 0.35 | 1485(E) Sl. No. 243 | 29.03.2019 |
| 7. | Furosemide | Tablet 40 mg | 1 Tablet | 0.74 | 1485(E) Sl. No. 344 | 29.03.2019 |
| 8. | Furosemide | Injection 10mg/ml | 1 ml | 2.43 | 1485(E) Sl. No. 345 | 29.03.2019 |
| 9. | Metronidazole | Oral Liquid 200 mg/5ml | 1 ml | 0.44 | 1485(E) Sl. No. 555 | 29.03.2019 |
| 10. | Metronidazole | Tablet 200 mg | 1 Tablet | 0.68 | 1485(E) Sl. No. 556 | 29.03.2019 |
| 11. | Metronidazole | Tablet 400 mg | 1 Tablet | 1.25 | 1485(E) Sl. No. 557 | 29.03.2019 |
| 12. | Metronidazole | Injection 500mg/100ml | 1 ml | 0.20 | 1485(E) Sl. No. 554 | 29.03.2019 |
| 13. | Ascorbic Acid (Vitamin C) | Tablet 500 mg | 1 Tablet | 1.34 | 1485(E) Sl. No. 74 | 29.03.2019 |
| 14. | Co-trimoxazole (Sulphamethoxazole (A)+Trimethoprim (B)] | Tablet 400 mg(A)+80 mg(B) | 1 Tablet | 0.77 | 1485(E) Sl. No. 227 | 29.03.2019 |
| 15. | Co-trimoxazole (Sulphamethoxazole (A)+Trimethoprim (B)] | Tablet 800 mg(A)+160 mg(B) | 1 Tablet | 1.98 | 1485(E) Sl. No. 228 | 29.03.2019 |
| 16. | Co-trimoxazole (Sulphamethoxazole (A)+Trimethoprim (B)] | Oral Liquid 200mg(A)+40mg(B)/5 ml | 1 ml | 0.32 | 1485(E) Sl. No. 226 | 29.03.2019 |
| 17. | Pheniramine | Injection 22.75 mg/ml(10ml pack) | 1 ml | 1.67 | 1485(E) Sl. No. 639 | 29.03.2019 |
| 18. | Pheniramine | Injection 22.75 mg/ml (2ml pack) | 1 ml | 2.24 | 1485(E) Sl. No. 638 | 29.03.2019 |
| 19. | Prednisolone | Drops 1% | 1 ml | 4.92 | 1485(E) Sl. No. 672 | 29.03.2019 |
| 20. | Clofazimine | Capsule 50 mg | 1 Capsule | 2.13 | 1485(E) Sl. No. 199 | 29.03.2019 |
| 21. | Clofazimine | Capsule 100 mg | 1 Capsule | 3.63 | 1485(E) Sl. No. 198 | 29.03.2019 |